**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4117 03.02.2014-ൽ മറുപടിക്ക്**

**<u>ഡോക്ടർമാരുടെ ഒഴിവുകൾ</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എ. എ. അസീസ്** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും ഒഴിവുകൾ ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കാമോ; | (എ) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും ഒഴിവുകൾ സംബന്ധിച്ച ജില്ല തിരിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ അടിയന്തിര നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(സി) പി.എച്ച്.സി കളിലും സി.എച്ച്.സി കളിലും നിലവിലുള്ള ഡോക്ടർമാരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) & (സി) അസിസ്റ്റന്റ് സർജന്റെ ഒഴിവുകളെല്ലാം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവുകളിൽ നിയമനം നൽകി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിവിൽ സർജൻ തസ്തികയിലേയ്ക്ക് അസിസ്റ്റന്റ് സർജൻമാരിൽ നിന്നും പ്രമോഷൻ നൽകി ഒഴിവുകൾ ഡി.പി.സികൂടി നികത്തുന്നതാണ്. കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തുന്നതാണ്. കൂടാതെ നിലവിലുള്ള ഒഴിവുകളിൽ ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം അഡ്ഹോക്ക് വ്യവസ്ഥയിലും. എൻ.ആർ.എച്ച്.എം മുഖേനയും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. |

Sobhy

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**